മലയാള മനോരമ 29 July 2022

# രാജ്യത്ത് ഉൽപാദിപ്പിച്ചത് 34000 ടൺ കടൽപായൽ

**മനോരമ ലേഖകൻ**

കൊച്ചി • കഴിഞ്ഞ വർഷം ഇന്ത്യയിൽ ഏകദേശം 34000 ടൺ കടൽപായൽ ഉൽപാദിപ്പിച്ചതായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) കണക്ക്. രാജ്യത്ത് 342 സ്ഥലങ്ങൾ കടൽപായൽ കൃഷിക്ക് അനുയോജ്യമാണ്. ഇവിടങ്ങളിൽ 24167 ഹെക്ടറിലായി പ്രതിവർഷം 97 ലക്ഷം ടൺ കടൽപായൽ ഉൽപാദനം സാധ്യമാണെന്നു സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ പറഞ്ഞു.

പരമ്പരാഗതമല്ലാത്ത ജലകൃഷി രീതികളെ കുറിച്ചു സിഎംഎഫ്ആർഐയിൽ നടന്ന ദേശീയ ശിൽപശാലയിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. ആഗോളതലത്തിൽ കടൽപായൽ ഉൽപാദനത്തിൽ ഇന്ത്യ പിന്നിലാണ്. ആഗോള ഉൽപാദനം 2022ൽ ഇതുവരെ 350 ലക്ഷം ടൺ ആണ്. ഉൽപാദനം കൂട്ടാനുള്ള ശ്രമത്തിലാണു രാജ്യം.

സ്ത്രീകൾ ഉൾപ്പെടെയുള്ളവർക്കു സുസ്ഥിര ജീവനോപാധി ഒരുക്കാൻ കടൽപായൽ കൃഷി സഹായകമാണെന്നു ശിൽപശാലയിൽ വിദഗ്ധർ അഭിപ്രായപ്പെട്ടു. വാണിജ്യാടിസ്ഥാനത്തിൽ കടൽപായൽ ഉൽപാദനം വികസിപ്പിക്കാൻ സിഎംഎഫ്ആർഐയുമായുള്ള സഹകരണം പ്രയോജനപ്പെടുമെന്നു സ്വകാര്യ സംരംഭകർ പറഞ്ഞു. അക്വാ അഗ്രോ പ്രൊസസിങ് മാനേജിങ് ഡയറക്ടർ അഭിരാം സേത്ത്, ഓസ്ട്രേലിയയിലെ അക്വാകൾചർ റിസർച് സയന്റിസ്റ്റ് ഡോ. ബ്രയൻ റോബർട്സ്, ദുബായ് അക്വേറിയം ക്യുറേറ്റോറിയൽ സൂപ്പർവൈസർ അരുൺ അലോഷ്യസ്, ഡോ. പി. ലക്ഷ്മിലത, ഡോ. വി. വി. ആർ. സുരേഷ് എന്നിവർ പ്രസംഗിച്ചു.